**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1100** **06-10-2021 - ൽ മറുപടിയ്ക്ക്**

**കുമ്പള ഷിറിയയിലെ പുലിമുട്ട് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ കുമ്പള ഷിറിയയിൽ ഹാർബർ എൻജിനീയറിങ് വിഭാഗം നിർവഹണം നടത്തുന്ന പുലിമുട്ട് പ്രവൃത്തി നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ഷിറിയ അഴിമുഖത്ത് റിവർ ട്രെയിനിംഗ് പ്രവൃത്തി നടപ്പിലാക്കുന്നതിനായി 24.30 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതി നൽകി, പ്രീക്വാളിഫിക്കേഷൻ ടെൻഡർ വിളിച്ച് തുടർ നടപടിയുടെ ആദ്യഘട്ടമായ ടെക്നിക്കൽ ഇവാല്യൂവേഷൻ നടന്നുവരികയുമാണ് |
| (ബി) | പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക 22.60 കോടി (സാങ്കേതികാനുമതി തുക) രൂപയാണ്. |
| (സി) | പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ ലഭ്യമാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | 1.പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാകു ന്നതോടെ അഴിമുഖം സ്ഥിരമായി തുറക്കപ്പെടുന്നു.<br>2.പൊഴിയിലെ മണൽ നീങ്ങുന്നതോടുകൂടി പുഴയുടെ മുകൾ ഭാഗത്തെ ഒഴുക്ക് സുഗമമാവുകയും പുഴയുടെ ഭാഗത്തുള്ള മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ പ്രയോജനപ്രദമാവുകയും ചെയ്യുന്നു.<br>3.മത്സ്യത്തൊഴിലാളികളുടെ തൊഴിൽ അവസരങ്ങൾ വർദ്ധിക്കുന്നു.<br>4..മത്സ്യത്തൊഴിലാളികൾക്ക് സുഗമമായി മത്സ്യം കരയ്ക്കടുപ്പിക്കാൻ സാധിക്കും. |
| (ഡി) | പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) | പദ്ധതി ആരംഭിച്ച് പൂർത്തീകരണ കാലാവധിയായ 12 മാസത്തിനകം പൂർത്തീകരിക്കുമെന്ന് അനുമാനിക്കുന്നു. |

സെക്ഷൻ ഓഫീസർ